(എഫ്) കണ്ണൂർ ജില്ലയിൽ ഈ സാമ്പത്തികവർഷം 327 പേർക്ക് 42,54,606 രൂപ അനുവദിച്ചിട്ടുണ്ട്. പേരുവിവരം ശേഖരിച്ചു നൽകുന്നതാണ്.

കാർഗിൽ ഫണ്ട്

61 (62) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകാമോ ;

(ബി) കാർഗിൽ ഫണ്ടിലേക്ക് സംസ്ഥാനം പണം സ്വരൂപിക്കുകയുണ്ടായോ ;

(സി) ഉണ്ടെങ്കിൽ ഏത് ഹെഡ്ഡിലാണ് പണം സ്വരൂപിച്ചതെന്നും ആ ഇനത്തിൽ എത്ര കോടി രൂപ സ്വരൂപിച്ചു എന്നും വെളിപ്പെടുത്താമോ ;

(ഡി) കാർഗിൽ ഫണ്ടിലേക്ക് സംസ്ഥാന ഗവൺമെന്റ് എത്ര കോടി രൂപ കേന്ദ്ര സർക്കാരിനെ ഏൽപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ തുക എന്നാണ് കൈമാറിയത് ; ആരുടെ പേർക്കാണ് നൽകിയത് ?

ഉത്തരം

(എ) കുടുംബ വാർഷിക വരുമാനം 20,000 രൂപയിൽ താഴെ ഉള്ളവരും രോഗംമൂലം ദുരിതമനുഭവിക്കുന്നവർക്കുമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്. സാധാരണ രോഗത്തിന് 2,000 രൂപ വരെയും ക്യാൻസർ, ഹൃദ്രോഗം, വൃക്കസംബന്ധമായ രോഗങ്ങൾ എന്നിവയ്ക്ക് 5,000 രൂപ വരെയും ആണ് അനുവദിക്കാവുന്നത്. കൂടാതെ അപകട മരണത്തിന് ഇരയാകുന്ന മുതിർന്നവരുടെ ആശ്രിതർക്ക് 30,000 രൂപയും പ്രായപൂർത്തിയാകാത്തവരുടെ ആശ്രിതർക്ക് 15,000 രൂപയും അനുവദിക്കാവുന്നതാണ്. വളർത്തു മൃഗങ്ങളുടെ മരണത്തിനും തീപിടുത്തത്തിനും ഫാക്ടറികളിൽ തൊഴിപ്രശ്നം ഉണ്ടാകുമ്പോൾ തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനും ഈ ഫണ്ടിൽ നിന്നും തുക അനുവദിക്കാറുണ്ട്.

(ബി&സി) പണം സ്വരൂപിക്കുകയുണ്ടായി. 'മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധി' യിലേക്ക് നാളിതുവരെ 13,03,20,585 രൂപ സ്വരൂപിച്ചിട്ടുണ്ട്. ഈ തുക ട്രഷറിയിലെ 'ടി.പി.എ.' അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ഇതിൽനിന്ന് മരണമടഞ്ഞ സൈനികരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും സർക്കാർ സഹായം നൽകിവരുന്നു.

(ഡി) കേന്ദ്ര സർക്കാരിന്റെ കാർഗിൽ ഫണ്ടിലേക്ക് സംസ്ഥാന ഗവൺമെന്റ് തുകകളൊന്നും നൽകിയിട്ടില്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly